## ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ.അദീല അബ്ദുള്ള, ഐ.എ.എസ്)

**ഉത്തരവ് നം: DCWYD/2909/2020/DM1 (7), തീയതി : 30/03/2020**

കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിലെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നത്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയാണ്. എന്നാൽ വിവിധ ജില്ലാതല ഉദ്യോഗസ്ഥർ, വകുപ്പുകളിൽ നിന്നുമുള്ള നിർദ്ദേശ പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി കൂടിയാലോചനകൾ നടത്താതെ വിവിധ ഉത്തരവുകൾ നൽകുന്നതായും, വിവരങ്ങൾ സർക്കാരിലേക്ക് നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയില്ലാതെ നിരവധി വോളണ്ടിയർമാരെ വിവിധ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്ത് വരുന്നുണ്ട്.

1) കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് ജില്ലയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മാത്രമേ ഉത്തരവുകൾ പുറപ്പെടുവിക്കുകയുള്ളൂ. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശ പ്രകാരമോ അല്ലാതെയോ ജില്ലാ തലത്തിൽ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുണ്ടെങ്കിൽ ജില്ലാതല ഉദ്യഗസ്ഥർ ഉത്തരവിന്റെ കരട് തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് സമർപ്പിക്കേണ്ടതാണ്.
2) വകുപ്പുകളും, തദ്ദേശ സ്ഥാപനങ്ങളും, സന്നദ്ധത സംഘടനകളും സന്നദ്ധത്തിൽ രജിസ്റ്റർ ചെയ്തവരെ മാത്രമേ വോളണ്ടിയർമാരായി നിയോഗിക്കുവാൻ പാടുള്ളൂ. അതിൽതന്നെ ഒരു പഞ്ചായത്തിൽ പരമാവധി പത്ത് പേർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പാസ്സ് ഒരാഴ്ചത്തേക്ക് നൽകുന്നതാണ്. ജോലി കഴിഞ്ഞാൽ 14 ദിവസം ക്വാറന്റയിനിൽ ഇവർ പ്രവേശിക്കേണ്ടതാണ്. ആയതിനായി വോളണ്ടിയർമാരുടെ വിവരങ്ങൾ ആരോഗ്യ വകുപ്പിനും ജില്ലാ പോലീസ് ചീഫിനും കൈമാറേണ്ടതാണ്.
3) 25 മുതൽ 45 വരെ പ്രായമുള്ളതും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തവരുമായ ജനപ്രതിനിധികൾ മാത്രമേ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളൂ.
4) ആരോഗ്യ വകുപ്പ് ദിവസേന നൽകുന്ന റിപ്പോർട്ടുകൾ ഒഴികെ എല്ലാ വകുപ്പുകളും സംസ്ഥാന സർക്കാരിലേക്ക് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടെ മാത്രമേ അയക്കുവാൻ പാടുള്ളൂ.

30/03/2020

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ<br>& ജില്ലാ കളക്ടർ, വയനാട്.